# അവർ ഭയപ്പെടുന്നത് യഥാർത്ഥ മാധ്യമപ്രവർത്തനത്തിന്റെ പ്രഹരശേഷിയെ

**അഡ്വ. ബിജു ജോൺ**
(എഡിറ്റർ, ലിറ്റിൽ മാസിക)

**കേരളീയത്തോട്** കാണിച്ചതുപോലെ ഒരു മുഖ്യധാരാ മാധ്യമത്തോടും അധികാരികൾ ഇടപെട്ട ചരിത്രം അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. ഇന്നത്തെ മുഖ്യധാരാമാദ്ധ്യമങ്ങളെ ആർക്കാണ് പേടി?. ഭയപ്പടേണ്ടതു കേരളീയത്തെത്തന്നെയെന്ന് അധികാരികൾക്കറിയാം. വികസന മാഫിയകളും സർക്കാരും മുഖ്യധാരാമാദ്ധ്യമങ്ങളും ചേർന്ന അച്ചുതണ്ട് മുഖ്യധാരയിൽ നിന്ന് വഴിമാറിനടക്കുന്നതിനെയൊക്കെ വല്ലാതെ ഭയപ്പെടുന്നു.

കേരളീയത്തിന്റെ നിലപാടുകൾ വെച്ചുനോക്കുമ്പോൾ ഇത്തരം നടപടി ഇത്രയും വൈകിയതിലാണ് അത്ഭുതം. സ്ഫോടനശേഷിയുള്ള ചെറുപ്രതിരോധങ്ങളെ അതിനുപിന്നിലെ ചെറിയ മനുഷ്യരെ.. ഒക്കെ വേട്ടയാടാൻ തുടങ്ങിയിട്ടു കാലം കുറച്ചായി. കൂട്ടം തെറ്റി നടക്കുന്ന ഒറ്റയാളെയും വെറുതെ വിടാതെ പിന്തുടരുന്ന ചെന്നായ്ക്കളെക്കുറിച്ച്, കൂടുതൽ ജാഗരൂകരാകേണ്ടതുണ്ടെന്നാണ് കേരളീയം അനുഭവം ഓർമ്മപ്പെടുത്തുന്നത്. ഇത് കേവലം മാധ്യമ സ്വാതന്ത്ര്യത്തിന്റെ മാത്രം പ്രശ്നമല്ല. വേറിട്ട ചിന്തകളെയും നിലപാടുകളെയും നിലംപരിശാക്കുന്ന അങ്ങേയറ്റം ഗുരുതരമായ ഭരണകൂട ഭീകരതയുടെ പ്രശ്നവും ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. കേരളീയത്തെ പിന്തുണയ്ക്കേണ്ടത് കേരളീയം നിരന്തരം നടത്തുന്ന സാമൂഹിക-പാരിസ്ഥിതിക ഇടപെടലുകളുടെ ശക്തീകരണത്തിനും ഉതകുന്നതാണ് എന്നതിനാൽ റെയ്ഡിനെതിരെ ശക്തിമായ പ്രതിഷേധങ്ങളുണ്ടാകണം.■



കേരളീയം റെയ്ഡിനെ തുടർന്ന് എറണാകുളം ഹൈക്കോടതിക്ക് മുന്നിൽ നടന്ന പ്രതിഷേധ യോഗം




കേരളീയം റെയ്ഡിനെ തുടർന്ന് കൊല്ലം നഗരത്തിൽ നടന്ന പ്രതിഷേധ യോഗം